| പതിമൂന്നാം കേരള നിയമസഭ | |
|---|---|
| പതിനാറാം സമ്മേളനം | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1946 | 16/02/2016 ൽ മറുപടിക്ക് |
| വിജിലൻസ് അന്വേഷണം | |

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.ശ്രീരാമകൃഷ്ണൻ<br>,, കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>,, കെ.സുരേഷ് കുറുപ്പ്<br>,, വി.ശിവൻകുട്ടി | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | എക്സൈസ് വകുപ്പ് മന്ത്രിക്കെതിരായ ബാർകോഴ ആരോപണം സംബന്ധിച്ചുള്ള ത്വരിതാന്വേഷണം വിജിലൻസ് പുനരാരംഭിച്ചിട്ടുണ്ടോ; | (എ) | ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിൽ പറഞ്ഞിട്ടുള്ള കാലാവധിക്കു മുമ്പ് അന്വേഷണം പൂർത്തിയാക്കി കോടതികളിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;അന്വേഷണം നടത്തുന്നത് ആരുടെ നേതൃത്വത്തിലാണ് ;ബാർകോഴ സംബന്ധിച്ചുയർന്നുവന്ന ഏതെല്ലാം പരാതികളെകുറിച്ചാണ് അന്വേഷിക്കുന്നത്; പരാതിക്കാരുടെയും ബാർ ഉടമകളുടെയും മൊഴികളും തെളിവുകളും പൂർണ്ണമായും ശേഖരിച്ചിട്ടുണ്ടോ; | (ബി) | അന്വേഷണം പൂർത്തിയാക്കി ബഹുമാനപ്പെട്ട കോടതികളിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ശ്രീ.ബിജു രമേശ് നൽകിയ ക്രിമിനൽ നടപടിക്രമം 164 വകുപ്പു പ്രകാരമുള്ള മൊഴികളുടെ അടിസ്ഥാനത്തിൽ എറണാകുളം വിജിലൻസ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ.എം.എൻ.രമേശും, ശ്രീ.ജോർജ് വട്ടുകുളം എന്നയാൾ ശ്രീ.ബിജു രമേശ് ഏഷ്യാനെറ്റ് പോയിന്റ് ബ്ലാങ്ക് പരിപാടിയുടെ ഭാഗമായിട്ടുള്ള ഇന്റർവ്യൂവിൽ നടത്തിയ വെളിപ്പെടുത്തൽ അടങ്ങിയ സി.ഡി യിലെ ആരോപണങ്ങൾ എറണാകുളം വിജിലൻസ് റേഞ്ച് പോലീസ് സൂപ്രണ്ട് ആർ.നിശാന്തിനിയും അന്വേഷിച്ചിട്ടുണ്ട്. രണ്ടു അന്വേഷണങ്ങളിലും ആരോപണവുമായി ബന്ധപ്പെട്ടവരുടെയെല്ലാം മൊഴികൾ ശേഖരിച്ചിട്ടുണ്ട്. |
| (സി) | മന്ത്രിക്കെതിരായ മൊഴികളും തെളിവുകളും ശേഖരിക്കാൻ കൂട്ടാക്കുന്നില്ലെന്ന ആക്ഷേപം ഉണ്ടായത് ഇപ്പോഴത്തെ അന്വേഷണ ഉദ്യോഗസ്ഥർ പരിഗണിച്ചിട്ടുണ്ടോ; അന്വേഷണം പൂർത്തീകരിക്കുന്നതിനും എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യുന്നതിനും തടസ്സങ്ങൾ നിലനില്ക്കുന്നുണ്ടോ; ആരോപിക്കപ്പെട്ടവർ മന്ത്രിസ്ഥാനത്ത് തുടരുന്നത് അന്വേഷണത്തെയും സ്വതന്ത്രമായി മൊഴി നൽകുന്നതിനെയും സ്വാധീനിക്കുമെന്ന ആക്ഷേപം പരിഗണിച്ചിട്ടുണ്ടോ? | (സി) | ആരോപണത്തിനടിസ്ഥാനമായ എല്ലാ തെളിവുകളും ശേഖരിക്കുകയും പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. അന്വേഷണ ഉദ്യോഗസ്ഥർക്കെതിരെ അത്തരത്തിൽ ആരോപണം ആരും ഉന്നയിച്ചിട്ടില്ല. അന്വേഷണത്തിൽ ആരോപണങ്ങൾ കളവും യാതൊരു അടിത്തറയും ഇല്ലാത്തതുകൊണ്ട് എഫ്.ഐ.ആർ രജിസ്റ്റർ ചെയ്ത് അന്വേഷിക്കേണ്ടെന്ന് നിഗമനത്തിൽ എത്തിച്ചേർന്നു. സുതാര്യവും നീതിപൂർവ്വകവുമായ അന്വേഷണമാണു നടത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ